**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2923** **10-03-2025 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ സ്ലൂയിസ് കം കൾവെർട്ടറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇറിഗേഷന്റെ പരിധിയിൽ വരുന്ന വിവിധ വകുപ്പുകൾ കായംകുളം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെയും നഗരസഭാ പ്രദേശങ്ങളിലെയും കനാലുകളിലും തോടുകളിലും എത്ര സ്ലൂയിസ് കം കൾവെർട്ടറുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ? | (എ) | **കായംകുളം മുൻസിപ്പാലിറ്റിയിലെ ചീപ്പുംകര ഭാഗത്ത് മൈനർ ഇറിഗേഷൻ മുഖേന ഒരു സ്ലൂയിസ് കം കൾവർട്ട് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കായംകുളം മണ്ഡലത്തിലെ ദേവികുളങ്ങര പഞ്ചായത്തിൽ കായംകുളം കായലിൽ നിന്നും ഓരു വെള്ളം വരുന്നത് തടയുവാനായി തോപ്പിൽ കിഴക്കേപ്പുറം തോടിനു കുറുകെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് പ്രവൃത്തിയിൽ 10 ലക്ഷം രൂപ ചെലവിൽ ഒരു സ്ലൂയിസ് കം ഷട്ടർ സ്ഥാപിക്കുന്നതിനുള്ള ടെൻഡറിങ് നടപടികൾ അന്തിമ ഘട്ടത്തിൽ ആണ്.** |

സെക്ഷൻ ഓഫീസർ